**KERALA POLICE INFORMATION CENTRE**
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.250(a)/PR/PIC/PHQ/18 Date:03.10.2018

# റെഡ് അലെർട്ട് : മുൻകരുതൽ നടപടി സ്വീകരിച്ചതായി സംസ്ഥാന പോലീസ് മേധാവി

ശക്തമായ മഴ പെയ്യുമെന്ന മുന്നറിയിപ്പിനെ തുടർന്ന് വിവിധ ജില്ലകളിൽ ജാഗ്രതാ നിർദ്ദേശം പ്രഖ്യാപിച്ച സാഹചര്യത്തിൽ ആവശ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചതായി സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ തിരുവനന്തപുരത്ത് അറിയിച്ചു. ഏതു സാഹചര്യവും നേരിടാൻ പോലീസ് സുസജ്ജമാണെന്ന് അദ്ദേഹം പറഞ്ഞു.

ഇതു സംബന്ധിച്ച വിശദമായ നിർദ്ദേശം എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നൽകിയിട്ടുണ്ട്. റെഡ് അലെർട്ട് പ്രഖ്യാപിച്ച തൃശ്ശൂർ, പാലക്കാട്, ഇടുക്കി ജില്ലകളിൽ ഏതു പ്രകൃതി ദുരന്തവും നേരിടാൻ പോലീസ് എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലെ സായുധ പോലീസിനും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്നു സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

********************